LIBRARY ARCHIVES Kerala Legislative Assembly

ജൽജീവൻ മിഷൻ പദ്ധതി

217(523) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് ജൽജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് വേണ്ടിവരുന്ന ചെലവ് എത്രയാണെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ആകെ ഗുണഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് നൽകാമോ;

(ഡി) പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

(എ-ഡി) അരിമ്പൂർ, മണലൂർ, ചൂണ്ടൽ, കണ്ടാണശ്ശേരി, എളവള്ളി, മുല്ലശ്ശേരി പാവറട്ടി, വെങ്കിടങ്ങ്, വാടാനപ്പള്ളി എന്നീ പഞ്ചായത്തുകളിലാണ് ജൽ ജീവൻ പദ്ധതി നടപ്പിലാക്കിവരുന്നത്. കേരള വാട്ടർ അതോറിറ്റിയും ജലനിധിയും മുഖേനയാണ് ജൽജീവൻ പദ്ധതി നിർവ്വഹണം നടത്തുന്നത്. നിലവിൽ മേൽപ്പറഞ്ഞ പഞ്ചായത്തുകളിലായി ആകെ 22206 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുവാനുള്ള പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. ഇതിനായി 4047.04 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. 2246 കുടിവെള്ള കണക്ഷനുകൾ ഇതിനകം നൽകിക്കഴിഞ്ഞു. ബാക്കിയുള്ള കുടിവെള്ള കണക്ഷനുകൾ നൽകുവാനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പുരോഗമിച്ചുവരുന്ന പ്രവൃത്തികൾ 2022 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി ചെലവ്, ഗുണഭോക്താക്കളുടെ എണ്ണം തുടങ്ങിയവയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ജൽജീവൻ മിഷൻ പദ്ധതി

218(524) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി 31-3-2021 വരെ മങ്കട നിയോജകമണ്ഡലത്തിലെ എത്ര ഗ്രാമപഞ്ചായത്തുകളിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്; ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ജൽജീവൻ മിഷൻ പദ്ധതി മുഖേന 31-03-2021 വരെ മങ്കട നിയോജകമണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ നൽകിയ ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സാമ്പത്തിക വർഷം എത്ര ഗാർഹിക കണക്ഷനുകൾ നൽകാനുള്ള പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്; ഇതിനായി ഈ മണ്ഡലത്തിലേയ്ക്ക് എത്ര തുക നീക്കിവച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

2021-22 സാമ്പത്തിക വർഷം മങ്കട നിയോജകമണ്ഡലത്തിൽ പുതുതായി അനുമതി നൽകുവാൻ ലക്ഷ്യമിട്ടുള്ള കണക്ഷനുകളുടെയും അതിനാവശ്യമായ ചെലവിന്റെയും പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഏറനാട് മണ്ഡലത്തിലെ കുടിവെള്ള കണക്ഷനുകൾ

219(525) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ മുഖേന ഏറനാട് മണ്ഡലത്തിൽ എത്ര കുടിവെള്ള കണക്ഷനുകൾ അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി മണ്ഡലത്തിന് അനുവദിച്ച തുകയും ചെലവഴിച്ച തുകയും പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കുമോ?

(എ&ബി) ജൽജീവൻ മിഷൻ മുഖേന ഏറനാട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ എണ്ണം, അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പദ്ധതി പ്രകാരം മണ്ഡലത്തിൽ ഇനിയും എത്ര കുടിവെള്ള കണക്ഷൻ അനുവദിച്ചു നൽകാൻ കഴിയുമെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

മണ്ഡലത്തിലെ പഞ്ചായത്തുകളിൽ നൂറ് ശതമാനം ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യം കൈവരിക്കാൻ ബാക്കി നൽകേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുള്ള കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.